# പതിനാലാം കേരള നിയമസഭ

## ?ണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6634** **09-11-2016-ൽ മറുപടിയ്ക്ക്**

**ചെറുകിട വ്യാപാരികൾക്ക് കെ.എസ്.എഫ്.ഇ. വഴി ക്രെഡിറ്റ് സൗകര്യങ്ങൾ**

| | ചോദ്യം<br><br>ശ്രീ. ആർ. രാമചന്ദ്രൻ | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾക്ക് കെ.എസ്.എഫ്.ഇ. വഴി ക്രെഡിറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്. ഫ്ളക്സി ട്രേഡ് ലോൺ എന്ന പേരിൽ സ്റ്റോക്കിന്റെ അടിസ്ഥാനത്തിൽ 10 ലക്ഷം രൂപ വരെ നൽകുന്നു. |
| (ബി) | ഇത്തരം ക്രെഡിറ്റ് ലോൺ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തെല്ലാമെന്നും പലിശ നിരക്ക് എത്രയാണെന്നും വിശദീകരിക്കുമോ; | (ബി) | കമ്പനി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ജാമ്യത്തിന് അനുസരിച്ച്, 24 മാസത്തേക്ക് 13% വാർഷിക പലിശ നിരക്കിൽ, തിരിച്ചടയ്ക്കാനുള്ള വരുമാനം കണക്കിലെടുത്ത് ചെറുകിട വ്യാപാരികൾക്ക് വായ്പ നൽകുന്നു. ഇതിലേയ്ക്കായി വായ്പാ സ്ഥാപനത്തിന്റെ അവസാന 3 വർഷത്തെ ലാഭ നഷ്ട കണക്കിന്റെയും ബാലൻസ് ഷീറ്റിന്റെയും ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്, സെയിൽസ് ടാക്സ് രജിസ്ട്രേഷൻ **(KGST, CST)** എന്നിവ ഹാജരാക്കണം. എളുപ്പത്തിൽ നശിച്ചു പോകുന്ന വസ്തുക്കളുടെ കച്ചവടത്തിന് ഈ വായ്പ നൽകുന്നതല്ല. |
| (സി) | വ്യാപാരികളിൽ നിന്ന് തവണ തുക നേരിട്ട് അവരുടെ സ്ഥാപനത്തിൽ ചെന്ന് സ്വീകരിക്കുന്നതിന് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ.